## (5) ആനുവൽ സ്റ്റേറ്റ്മെന്റും ഓഡിറ്റ് റിപ്പോർട്ടും യഥാസമയം സമർപ്പിക്കുന്നത് സംബന്ധിച്ച്

2017 മാർച്ച് 17-ാം തീയതി നിയമനിർമ്മാണകാര്യത്തിനു മുൻപ്, 1948-ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിലെ സെക്ഷൻ 69(4), 69(5) എന്നിവ പ്രകാരം ആനുവൽ സ്റ്റേറ്റ്മെന്റും ഓഡിറ്റ് റിപ്പോർട്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ലെന്ന് ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

സി.&എ.ജി. യുടെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച് മറ്റ് നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷമാണ് കണക്കുകൾ സഭയിൽ വയ്ക്കുന്നതെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മറുപടി നൽകി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി *

"റൂൾ 303 പ്രകാരമുള്ള ക്രമപ്രശ്നത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ല ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. വൈദ്യുതി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള നടപടികളെല്ലാം സർക്കാരിൽനിന്നുണ്ടാകണം. ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല."

---

* XIV KLA IV Session Vol.No.165 dated 17.03.2017.